# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – 2629 17/06/2019 -ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രോഗ്രാമുകൾ

**ചോദ്യം**

**ശ്രീ. ആർ. രാമചന്ദ്രൻ :**

**ഉത്തരം**

**ശ്രീ. എ.കെ. ബാലൻ**
പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും, നിയമവും സാംസ്കാരികവും,
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രധാന പ്രോഗ്രാമുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(എ) പാർലമെന്ററി കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് , കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ, മോഡൽ പാർലമെന്റ് മത്സരം, ഉപന്യാസം/ക്വിസ്സ്/പ്രസംഗ മത്സരങ്ങൾ എന്നിവ നടത്തി വരുന്നു. മേല്പറഞ്ഞവ കൂടാതെ മികച്ച എഴുത്തുകാരെ പരിചയപ്പെടുത്തുന്ന "Conversation with the Author" എന്ന പ്രോഗ്രാമും നടത്തി വരുന്നു.

(ബി) ഓരോ പ്രോഗ്രാമും നടത്തുന്ന വിദ്യാലയങ്ങൾക്ക് നൽകുന്ന പ്രതിഫലം എത്രയാണെന്ന് വിശദീകരിക്കുമോ ;

(ബി)

| ക്രമ നമ്പർ | പ്രോഗ്രാം | തുക |
|---|---|---|
| 1 | യൂത്ത് പാർലമെന്റ് മത്സരം | 7,500/- |
| 2 | ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് | 10,000/- |
| 3 | പാർലമെന്ററി ലിറ്ററസി ക്ലബ്ബ് | 10,000/- |
| 4 | സ്കൂൾ സെമിനാർ | 10,000/- |
| 5 | കോളേജ് മോഡൽ പാർലമെന്റ് | 7,500/- |
| 6 | കോളേജ് സെമിനാർ | 25,000/- |

| | | | |
|---|---|---|---|
| (സി) | പ്രോഗ്രാമുകൾ നടത്തുന്നതിന് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | പ്രോഗ്രാമുകൾ നടത്തുന്നതിന് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിനായി എം.എൽ.എ മാരിൽ നിന്നും നാമനിർദ്ദേശം ക്ഷണിക്കുകയും എം.എൽ.എ മാർ നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു നിയോജക മണ്ഡലത്തിൽ 4 സ്കൂളുകളിൽ സെമിനാർ, 2 സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, 2 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, 2 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം,1 കോളേജിൽ മോഡൽ പാർലമെന്റ് മത്സരം എന്നിവ നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ